കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡുമായി കേരള സംസ്ഥാന വൈദ്യുതി ബോർഡിനുള്ള കരാർ 2016 മെയ് മാസത്തിൽ തീരുകയാണ്.

മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് പൂർണ്ണമായും കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുമാണ്. ഈ കരാറിന്റെ വ്യവസ്ഥയനുസരിച്ച് കരാർ തീരുന്ന മുറയ്ക്ക് കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന് പ്ലാന്റും അനുബന്ധ സാമഗ്രികളും കരാറിൽ നിഷ്കർഷിക്കുന്ന മുറയ്ക്ക് വിൽക്കാവുന്നതാണ്.

എന്നാൽ പ്രസ്തുത ഡീസൽ പവർ പ്ലാന്റ് സ്ഥിതിചെയ്യുന്ന സ്ഥലം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണ്. കരാർ തീരുന്നമുറയ്ക്കുമാത്രമേ ഇത് സ്ഥിതിചെയ്യുന്ന സ്ഥലം എന്തുചെയ്യണമെന്നുള്ള തീരുമാനം വൈദ്യുതി ബോർഡ് എടുക്കുകയുള്ളൂ.

(സി) കരാർ പ്രകാരം കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ യാതൊരു ബാധ്യതകളും ബോർഡോ ഗവൺമെന്റോ ഏറ്റെടുക്കുന്നതിന് കരാറിൽ യാതൊരു വ്യവസ്ഥയുമില്ല

കാസർഗോഡ് ജില്ലയിലെ മസ്റ്റർ തസ്തികയിൽ റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ

52 (392) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര മസ്റ്റർ തസ്തികകളാണുള്ളത്; അവയിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് പറയാമോ ;

(ബി) പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 189 തസ്തികകൾ. 114 ജീവനക്കാർ.

(ബി) 46 ഒഴിവുകൾ.

(സി) 29 ഒഴിവുകൾ.

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സൗരോർജ്ജ പദ്ധതികൾ

53 (393) ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കാമോ ;

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly